# പൊട്ടൻ സിംഹത്തിന്റെ ഓർമ്മകൾ

• ചന്ദ്രൻ ചൂലിശ്ശേരി

പൊട്ടൻ സിംഹം അന്നത്തെ വേട്ടയെല്ലാം കഴിഞ്ഞ് പതിവു വിശ്രമത്തിനായി പൊങ്ങൻ പാറപ്പുറത്തെത്തി. പരുപരുത്ത പാറ. തിരിഞ്ഞും മറിഞ്ഞും കിടന്ന് തന്റെ ചൊറിയുന്ന ദേഹം അവൻ പാറപ്പുറത്തുരച്ചു. കൈകാലുകൾ നക്കി വൃത്തിയാക്കി. പിന്നെ നടുനിവർത്തി ഒന്നു മലർന്നു കിടന്നു.

മുകളിൽ ആകാശവും പാറിപ്പറക്കുന്ന പക്ഷികളും. പക്ഷേ, പൊട്ടൻ സിംഹത്തിന് കാഴ്ച കുറവായതിനാൽ ആ മനോഹര കാഴ്ച വേണ്ടുവോളം കണ്ടു രസിക്കാനായില്ല. പൊട്ടന്റെ കാഴ്ച കുറയാൻ എന്താണു കാരണം? അതോർക്കുമ്പോഴെല്ലാം അവന്റെ കണ്ണുകൾ താനേ നിറയും.

പണ്ടായിരുന്നു അത്! കാടിളക്കിമറിച്ച്, അടിച്ചു തകർത്ത്, മരങ്ങൾ കുത്തിമറിച്ച് അതാ വരുന്നു ചുള്ളിക്കൊമ്പനെന്ന ഒറ്റയാൻ! ആരെയും ഭയക്കാത്തവൻ, അതിധീരൻ, അപാര ശക്തൻ!

ചുള്ളിക്കൊമ്പന്റെ വരവുകണ്ട് മൃഗങ്ങൾ



▸▸ ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനം – ഗോവ

## ജീവനുള്ള ഗ്രഹത്തിനായി

ലോകത്തിലെ ഏറ്റവും വലിയ സ്വതന്ത്ര പരിസ്ഥിതി സംഘടനയായി അറിയപ്പെടുന്ന WWF (World wide fund for Nature) 1961–ലാണ് നിലവിൽ വന്നത്. സ്വിറ്റ്സർലാന്റിലെ ഗ്ലാൻസ് ആസ്ഥാനമായ ഇതിന്റെ ചിഹ്നം ഭീമൻ പാണ്ടയാണ്. 'ജീവനുള്ള ഗ്രഹത്തിനായി' എന്നതാണ് WWF ന്റെ ആപ്തവാക്യം.

ഭയന്നോടി. എതിരെ വന്ന ഏതു മൃഗത്തെയും ചുള്ളിക്കൊമ്പൻ ചുഴറ്റിയെറിഞ്ഞും ചവിട്ടിയരച്ചും തകർത്തു നടന്നു!

പൊടിപടലങ്ങൾ, ചിന്നംവിളികൾ, വൃക്ഷങ്ങൾ കുത്തി മറിച്ചിടുന്ന കനത്ത ഒച്ചകൾ.. കാട് ഭയന്ന് വിറച്ചു. അപ്പോഴുണ്ട് പൊങ്ങൻ പാറപ്പുറത്ത് പൊട്ടൻ സിംഹം കിടക്കുന്നു. ചുള്ളിക്കൊമ്പൻ ചിന്നം വിളിച്ച് ആഞ്ഞടുത്തു.

പൊട്ടൻ സിംഹം അന്ന് അതിധീരനും വലിയ ശക്തനുമായിരുന്നു. അവന്റെ ഉച്ചത്തിലുള്ള ഗർജനം കേട്ട് കാട് നടുങ്ങി വിറങ്ങലിച്ച് നിൽക്കുമായിരുന്നു.

ചുള്ളിക്കൊമ്പനെ കണ്ട് പൊട്ടൻ സിംഹം മൂരിനിവർന്ന് തലയുയർത്തി അതിശക്തമായി ഒന്ന് ഗർജിച്ചു. പക്ഷേ ചുള്ളിക്കൊമ്പൻ പിന്തിരിഞ്ഞില്ല. പിന്നെ അവിടെ നടന്നത് ഒരു വൻ പോരാട്ടമായിരുന്നു.

പൊട്ടൻ സിംഹം കുതിച്ചൊരു ചാട്ടം. തന്റെ ബലിഷ്ഠമായ വലതു കൈകൊണ്ട് അവൻ ചുള്ളിക്കൊമ്പന്റെ മസ്തകത്തിൽ മൂന്നുവട്ടം ആഞ്ഞു പ്രഹരിച്ചു.

പ്ഠേ.. പ്ഠേ.. പ്ഠേ.....

ചുള്ളിക്കൊമ്പന്റെ കണ്ണിൽ പൊന്നീച്ച പാറി. അവൻ കാട്ടിലേക്ക് തിരിച്ചോടി.

കാട് ശാന്തമായി. മൃഗങ്ങൾ തങ്ങളുടെ താവളങ്ങളിലേക്കു തന്നെ തിരിച്ചെത്തിത്തുടങ്ങി. അഹങ്കാരിയായ പൊട്ടന് ആ വിജയമൊന്ന് ആഘോഷിക്കണമെന്ന് തോന്നി. കൂട്ടത്തോടെ നടന്നു പോകുന്ന കാട്ടുപോത്തുകളുടെ നേതാവിനെത്തന്നെ അവൻ നോട്ടമിട്ടു.

കാടിളക്കി മറിച്ച് ഏവരെയും ഭയത്തിന്റെ മുൾമുനയിൽ നിർത്തിയ ചുള്ളിക്കൊമ്പനെ പോലും നിസ്സാരമായി അടിച്ചോടിച്ച തനിക്ക് ഈ കാട്ടുപോത്തിനെ പിടിക്കാൻ ഒരു വിഷമവും ഉണ്ടാകില്ല എന്നായിരുന്നു പൊട്ടൻ കരുതിയത്. പക്ഷേ, കാട്ടുപോത്തിനെ നേരിടുന്നത് അത്ര എളുപ്പമായിരുന്നില്ല. തന്റെ കടുപ്പമാർന്ന വലിയ കൊമ്പുകൾ കൊണ്ട് പൊട്ടൻ സിംഹത്തെ നേതാവ് ആഞ്ഞുവെട്ടി. പൊട്ടൻ ദൂരെ തെറിച്ചുവീണു.

തലയിൽ കടുത്ത ക്ഷതമേറ്റ പൊട്ടൻ സിംഹത്തിന് തന്റെ കണ്ണുകളിൽ ഇരുട്ട് കയറുന്നതായി തോന്നി. അവൻ ഓടി രക്ഷപ്പെടാൻ ശ്രമിച്ചപ്പോഴെല്ലാം തലകറങ്ങി താഴെ വീണുകൊണ്ടിരുന്നു. അതുകണ്ട് കാട്ടുപോത്തുകളുടെ നേതാവിന് ചിരി വന്നു. നേതാവ് അവരുടെ ഭാഷയിൽ ഉറക്കെ കളിയാക്കി ചിരിച്ചു:

"ദാ, കണ്ടില്ലേ, പൊട്ടൻ സിംഹത്തിന്റെ അവസ്ഥ..! ഹിഹിഹി.!"

അന്നുമുതലാണ് പൊട്ടൻ സിംഹത്തിന്റെ കാഴ്ച കുറഞ്ഞത്. കാട് അടക്കി വാണിരുന്ന ധീരനായ കേശൻ സിംഹം അന്നുമുതൽ പൊട്ടൻ സിംഹമായി. എന്തൊരു ഗതികേട്!!

✦

▸▸ ചട്ടമ്പിസ്വാമികളുടെ യഥാർത്ഥപേര്– കുഞ്ഞൻപിള്ള